# കേരള സർവകലാശാല

നം.പി.ആർ.207/2018 ഫോൺ : 2305994

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

2018 ഏപ്രിലിൽ നടത്തിയ എം.എസ്.ഡബ്ല്യൂ 2016 – 2018 ബാച്ച് (സി.എസ്.എസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പ്രീത ജി നായർ (രജി.നം.84616632019) ഒന്നാം റാങ്ക് കരസ്ഥമാക്കി.

### ടൈംടേബിൾ

നാലാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൽപ്പ്ച്ചർ) ഡിഗ്രി പരീക്ഷകൾ 2018 സെപ്റ്റംബർ 28 ന് ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

അഞ്ചാം സെമസ്റ്റർ (ത്രിവത്സരം), ഒമ്പതാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി പരീക്ഷകൾ (2011 – 12 അഡ്മിഷന് മുൻപുള്ളത്) യഥാക്രമം 2018 സെപ്റ്റംബർ 28 നും മൂന്നാം സെമസ്റ്റർ (ത്രിവത്സരം), ഏഴാം സെമസ്റ്റർ (പഞ്ചവത്സരം) എൽ.എൽ.ബി പരീക്ഷകൾ (2011 – 12 അഡ്മിഷന് മുൻപുള്ളത്) ഒക്ടോബർ 12 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് 2018 – 19

സർവകലാശാലയിലെ അഫിലിയേറ്റഡ് കോളേജുകളിലെ 2018 – 19 വർഷത്തെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് സെപ്റ്റംബർ 19 ന് പുറപ്പെടുവിക്കുന്ന വിജ്ഞാപന പ്രകാരം ഒക്ടോബർ 5 ന് അതാത് കോളേജുകളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ഉത്തരക്കടലാസുകൾ കൈമാറുക

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് 2018 പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി ഉത്തരക്കടലാസുകളും മാർക്ക്ബുക്കുകളും എല്ലാ അദ്ധ്യാപകരും തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പന്തളം എന്നിവിടങ്ങളിലുള്ള മൂല്യനിർണയ കേന്ദ്രങ്ങളിൽ സെപ്റ്റംബർ 22, 24 തീയതികളിൽ തിരികെ ഏല്പിക്കേണ്ടതാണ്.

## പി.ജി അഡ്മിഷൻ സെപ്റ്റംബർ 19 വരെ

സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകൾ/സെന്ററുകൾ എന്നിവിടങ്ങളിലെ ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനത്തിനുള്ള (2018 – 19) അവസാന തീയതി സെപ്റ്റംബർ 19 വരെ ദീർഘിപ്പിച്ചിരിക്കുന്നു. ഒന്നും രണ്ടും അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് സെപ്റ്റംബർ 19 ന് ഉച്ചയ്ക്ക് 1.00 മണി വരെ ബന്ധപ്പെട്ട കോളേജുകളിൽ പ്രവേശനം നേടാവുന്നതാണ്.

പ്രത്യേക കുറിപ്പ്: (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## സൂക്ഷ്മപരിശോധന

2017 ഒക്ടോബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ് (2010, 2011 സ്കീം) സി.ബി.സി.എസ് കരിയർ റിലേറ്റഡ് ഡിഗ്രി പരീക്ഷകളുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ സെപ്റ്റംബർ 18 മുതൽ സെപ്റ്റംബർ 27 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റ്/ഐ.ഡി കാർഡുമായി പുനർമൂല്യനിർണയ വിഭാഗമായ ഇ.ജെ III ൽ എത്തിച്ചേരേണ്ടതാണ്.

2017 ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എസ്.സി ഇലക്ട്രോണിക്സ് (2010, 2011 സ്കീം) പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ സെപ്റ്റംബർ 19 മുതൽ സെപ്റ്റംബർ 28 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ ഹാൾടിക്കറ്റ്/ഐ.ഡി കാർഡുമായി പുനർമൂല്യനിർണയ വിഭാഗമായ ഇ.ജെ III ൽ എത്തിച്ചേരേണ്ടതാണ്.

## ഏകദിന ദേശീയ സെമിനാർ

ലോക ടൂറിസം ദിനത്തിന്റെ ഭാഗമായി സർവകലാശാല ഗവേഷക യൂണിയനും സർവകലാശാല മാനേജ്മെന്റ് പഠനവകുപ്പും സംയുക്തമായി സെപ്റ്റംബർ 28 ന് കാര്യവട്ടം ക്യാമ്പസിലെ ഫിനിഷിങ്ങ് സ്ക്കൂളിൽ വച്ച് 'ടൂറിസവും സുസ്ഥിര വികസനവും' എന്ന വിഷയത്തിൽ ഏകദിന ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. പ്രബന്ധങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 25. വിശദവിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ 9809909056, 9747297666, 8281829066, 8848765241, email Id: researchstudentsunionku@gmail.com

തിരുവനന്തപുരം.
18.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**